ആവശ്യപ്പെടുമ്പോൾ ഉടനടി റിപ്പോർട്ടു ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 5-10-1999-ൽ 8172/സി1/99/പി. ആന്റ് എ. ആർ. ഡി. നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം നടത്തുന്നതിൽ വരുന്ന കാലതാമസം**

**20 (3208)** ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം തയ്യാറാക്കുന്ന പി. എസ്. സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിൽ വരുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി. എസ്. സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിന് തയ്യാറായിട്ടുള്ള നിലവിലുള്ള ലിസ്റ്റുകൾ ഏതെല്ലാം ;

(സി) ഈ ലിസ്റ്റുകളിൽ നിന്ന് എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

(ഡി) ഈ ജില്ലകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഒരു വർഷം കഴിഞ്ഞിട്ടും ഒരാളെപ്പോലും നിയമിക്കാത്ത എത്ര ലിസ്റ്റുകൾ ഉണ്ട് ;

(ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനങ്ങൾ മനഃപൂർവ്വം വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക്ലിസ്റ്റിൽ ഉൾപ്പെടെ ചില ഉദ്യോഗാർത്ഥികളിൽ നിന്നും പരാതികൾ ലഭിക്കാറുണ്ട്.

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി & ഡി) ഒന്നുംതന്നെ ഇല്ല.

(ഇ) നിയമനങ്ങൾ മനഃപൂർവ്വം വച്ച് താമസിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തീരദേശപരിപാലന നിയമം**

**21 (3209)** ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശപരിപാലന നിയമത്തിൽ ഇളവുകൾ നേടി എടുക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ട് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളം സന്ദർശിച്ച കേന്ദ്ര പരിസ്ഥിതി വകുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ സർക്കാർ ബദൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ ;

(സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഭീഷണിയായ ഈ നിയമത്തിന് എതിരെ എന്തു നിർദ്ദേശങ്ങളാണ് നിൽകിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തീരദേശനിയമംമൂലം കേരളത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു പഠിച്ച് റിപ്പോർട്ടു നൽകാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മിറ്റിക്ക് 19-2-1997-ൽ സംസ്ഥാന സർക്കാർ തീരദേശ നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റങ്ങൾ നിർദ്ദേശിച്ച് കത്തു നൽകുകയുണ്ടായി. ടൂറിസം മേഖലയിലെ വികസനത്തിന് തീരദേശ നിയമത്തിലെ വ്യവസ്ഥകൾ ദോഷകരമായി നിൽക്കുന്നത് പരിഗണിച്ച് ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും നിർമ്മാണത്തിനായി ബീച്ചുകളുടെ വശങ്ങളിൽ തീരദേശ നിയമത്തിൽ പറഞ്ഞിരിക്കുന്ന നിരോധിത മേഖല 200 മീറ്ററിൽ നിന്നും 100 മീറ്റർ ആയി കുറയ്ക്കണമെന്ന് അന്നത്തെ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രിയോട് 1997 ഡിസംബർ 24-ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. 1999 ആഗസ്റ്റ് 5-ാം തീയതി എസ്. ഒ. 629 (ഇ) പ്രകാരം കേന്ദ്ര സർക്കാർ തീരദേശ നിയമത്തിൽ ചില പുതിയ ഇളവുകൾ പ്രഖ്യാപിച്ച് ഒരു കരട് വിജ്ഞാപനം പുറത്തിറക്കുകയുണ്ടായി. പ്രസ്തുത കരട് വിജ്ഞാപനത്തിൻ മേൽ കേരള സർക്കാർ കൂടുതൽ ഇളവുകൾ ആവശ്യപ്പെട്ട് സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ 1999 സെപ്റ്റംബർ 27-ന് അറിയിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയ പ്രദേശങ്ങളിലെയും തീരദേശ മേഖലയിലേയും വികസന പ്രശ്നങ്ങൾ പരിഗണിച്ച് ബീച്ചുകളുടെ വശങ്ങളിൽ നിരോധിത മേഖല 200 മീറ്ററിൽ നിന്നും 50 മീറ്ററായും ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ വികസന നിരോധിത മേഖല 100 മീറ്ററിൽ നിന്നും 25 മീറ്ററായും കുറയ്ക്കണമെന്ന് കേന്ദ്രവനംപരിസ്ഥിതി വകുപ്പ് മന്ത്രിയോട് 2000 ഫെബ്രുവരി 7-ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി & സി) സംസ്ഥാനത്ത് പര്യടനം നടത്തിയ കേന്ദ്ര പരിസ്ഥിതി വകുപ്പ് ഉദ്യോഗസ്ഥരുമായി 1999 ഡിസംബർ 28-ാം തീയതി സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചർച്ച നടത്തി. കേന്ദ്ര സംഘത്തെ സംസ്ഥാനത്തെ ഉൾനാടൻ ജലാശയ പ്രദേശങ്ങളിലും തീരദേശമേഖലയിലും തീരദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നേരിട്ട് ബോധ്യപ്പെടുത്തുകയുണ്ടായി. കേരളത്തിലെ ജനങ്ങളനുഭവിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് തീരദേശ നിയമത്തിൽ സമൂലമാറ്റം വേണമെന്നും കേന്ദ്ര സംഘത്തോട് ആവശ്യപ്പെടുകയുണ്ടായി. കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെ പശ്ചാത്തലത്തിൽ തീരദേശ നിയമത്തിൽ കേരള സർക്കാർ മുമ്പ് പല ഘട്ടങ്ങളിലായി സമർപ്പിച്ചിരുന്ന ബദൽ നിർദ്ദേശങ്ങൾ പരിഗണിച്ച് തീരദേശ നിയമം സമൂലമായി ഉടച്ചു വാർക്കണമെന്നും അതിന്റെ തീരുമാനം



LIBRARY ARCHIVES Kerala Legislative Assembly

വരുന്നതുവരെ ബീച്ചിന്റെ വശങ്ങളിൽ വികസന നിരോധിത മേഖല 200 മീറ്ററിൽ നിന്നും 50 മീറ്റർ ആയും ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ വികസന നിരോധിത മേഖല 100 മീറ്ററിൽ നിന്നും 25 മീറ്റർ ആയും കുറയ്ക്കണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്**

**22 (3211)** ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സംബന്ധമായ വ്യക്തിഗത അക്കൗണ്ട് ബുക്ക് അതത് ഓഫീസുകളിൽത്തന്നെ സൂക്ഷിക്കാതിരിക്കുന്നതുമൂലം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1935-ലെ സി. ആന്റ് എ. ജി. ആക്ട് 1976-ൽ ഭേദഗതി വരുത്തി സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടുകൾ എ.ജിയിൽ നിന്നു മാറ്റി സംസ്ഥാന സർക്കാരിന്റെ കീഴിലാക്കുന്നതിലേക്ക് വ്യവസ്ഥയുണ്ടായിട്ടും എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ അക്കൗണ്ടുകൾ എ. ജി. യുടെ ചുമതലയിൽതന്നെ തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടുകൾ സംസ്ഥാന സർക്കാർ തന്നെ സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ സർവീസിലെ ജീവനക്കാരുടെ ശമ്പളം, പി. എഫ്. തുടങ്ങിയവ സംബന്ധിച്ചുള്ള കണക്കുകൾ അതാത് വകുപ്പുകളിൽ തന്നെ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഭരണ പരിഷ്ക്കാര കമ്മിറ്റി നല്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ ചുമതലയിൽപ്പെട്ട വകുപ്പുകൾ ചെലവാക്കിയ തുക**

**23 (3212)** ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ചുമതലയിൻ കീഴിൽ വരുന്ന ഓരോ വകുപ്പും 1999-2000 വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്ന തുകയിൽ എന്തു തുക 1999 ഡിസംബർ 31 വരെ ചെലവഴിച്ചു എന്നും എന്തു തുക മിച്ചം വരുത്തി എന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം തുക മിച്ചം വരുവാനുള്ള കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly